(എഫ്) (1) ശ്രീ. കെ. നടേശൻ അശാരി
സീനിയർ സൂപ്രണ്ട്
ശംമ്പളം 10,,035/ -രൂപ
(2) ശ്രീ. എം.ആർ. നന്ദകുമാർ,
റിസർവ് ഇൻസ്പെക്ടർ
ശംമ്പളം - 8,255 രൂപ

(ജി) ശ്രീ. നടേശൻ ആശാരി ശംമ്പളം - 10,535/
ശ്രീ. എം.ആർ. നന്ദകുമാർ
ശംപളം - 11,620/

121 (645) തിരുവനന്തപുരം മൃഗശാലയിൽ എത്തിയ പുതിയ മൃഗങ്ങൾ

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഏതെല്ലാം മൃഗങ്ങളെ പുതുതായി കൊണ്ടുവന്നിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഏതൊക്കെ മൃഗങ്ങൾ മരണമടഞ്ഞു;

(സി) ഇവയുടെ മരണകാരണം വെളിപ്പെടുത്തുമോ;

(ഡി) ഇവ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതേക്കുറിച്ച് വിദഗ്ധരെക്കൊണ്ട് അന്വേഷണം നത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ പുതുതായി മൃഗങ്ങളെ ഒന്നും കൊണ്ടുവന്നിട്ടില്ല.

(ബി)&(സി) കഴിഞ്ഞ നാലു വർഷങ്ങളിൽ തിരുവനന്തപുരം മൃഗശാലയിൽ മരണമടഞ്ഞ മൃഗങ്ങളുടെ എണ്ണവും അവയുടെ മരണ കാരണവും അനുബന്ധമായി വച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങളുടെ ആരോഗ്യ പരിപാലനത്തെപ്പറ്റിയും മൃഗങ്ങളുടെ മരണത്തെപ്പറ്റിയും ചില പത്രവാർത്തകൾ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൃഗശാല യുടെ നടത്തിപ്പ്. മൃഗങ്ങളുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൻമേൽ ഒരു വിദഗ്ധാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്ലൈഫ്) നെ നിയോഗിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

122 (646) തൃപ്പൂണിത്തുറയിൽ സ്ഥാപിക്കാനുദ്ദേശിച്ച സ്പെയിസ് തീയേറ്റർ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly